



കേരള സർക്കാർ

Printed and published by
Director, Malayalam Mission
Department of Cultural Affairs, Government of Kerala
Printed at KBPS, Kochi

# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

1






# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

### ഭാഗം 1

സാംസ്കാരികകാര്യ വകുപ്പ്
കേരള സർക്കാർ
2020









**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള
സർട്ടിഫിക്കറ്റ് കോഴ്സ് പാഠപുസ്തകം (ഭാഗം 1)

**മലയാളം**

ഒക്ടോബർ 2020 : ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്)

തയാറാക്കിയത് : മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്
ലേ-ഔട്ട് : അജയ്‌ലാൽ പി.പി.
അച്ചടി : കേരളാ ബുക്സ് & പബ്ലിക്കേഷൻസ്
സൊസൈറ്റി, കാക്കനാട്, കൊച്ചി

കോപ്പി - 5000 (സൗജന്യ വിതരണത്തിന്)

©
മലയാളം മിഷൻ
സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

# ഇതളുകൾ




1

ഹായ്... പട്ടം! .... 6



2

ഉമ കണ്ട കാഴ്ചകൾ .... 22



3

ശാ... ശീ... ദോശ .... 46

4



കറുമ്പിയുടെ കുറുമ്പ് .... 66


## ചിത്രത്തിൽ ആരെല്ലാം?
## ചിത്രത്തിൽ എന്തെല്ലാം?





ര


5




## ഇതൾ 1

# ഹായ്... പട്ടം !

ഉമ വാതിൽ തുറന്നു.
പുറത്തു വന്നു.
ഹായ്! ചട്ടിയിൽ ഒരു പട്ടം.
ഉമ പട്ടം എടുത്തു.

ചുവന്ന നിറം
മഞ്ഞ വാൽ
ചിറക് നീല
ഉമ പട്ടത്തിന് ഉമ്മ കൊടുത്തു.

## നിറം നൽകാം



## പാടി രസിക്കാം

വാലു നീണ്ട പട്ടം
ചിറകു വീശി പട്ടം
കൺതുറന്നു പട്ടം
ചന്തമുള്ള പട്ടം

തത്ത



## എഴുതാം

വാലു നീണ്ട തത്ത

ചിറകു വീശി ..................................................

കൺതുറന്നു ..................................................

ചന്തമുള്ള ..................................................

## വായിക്കാം

| | | |
|---|---|---|
| പട്ടം | ചട്ടി | ഉമ |
| വാതിൽ | തുറന്നു | വന്നു |





## വാക്കുകൾ ഉണ്ടാക്കാം

.................................................... ....................................................

.................................................... ....................................................

.................................................... ....................................................



ഉമ അകത്തുവന്നു
പട്ടം മേശപ്പുറത്തു വെച്ചു.
"ഇവിടെ ഇരിക്കൂ. വേഗം വരാം"
ഉമ കുളിമുറിയിലേക്ക് ഓടി
പട്ടം കണ്ണു തുറന്നു. ചുറ്റും നോക്കി.

**പട്ടം മുറിയിൽ എന്തൊക്കെ കണ്ടു? പറയൂ**

# വായിക്കാം



മല




മാല



പറ




പാറ




വട



വടി



തുമ്പ



തുമ്പി

# നിറം എഴുതാം



..................................അലമാര



..................................ബക്കറ്റ്



..................................കപ്പ്



അമ്മ : ഇതെവിടുന്നാ ഉമേ?

ഉമ : പുറത്തുനിന്നും കിട്ടിയതാ.

അച്ഛൻ : ആരുടെ പട്ടമാണിത്?

ഉമ : അറിയില്ല അച്ഛാ

## ഉമയുടെ വീട്ടിലുള്ളവർ



അച്ഛൻ



അമ്മ



ചേട്ടൻ

## എന്റെ വീട്ടിൽ ഉള്ളവർ

### ചിത്രം വരയ്ക്കാം

### ചേർത്തു പാടാം

അച്ഛനുണ്ട് വീട്ടിൽ
അമ്മയുണ്ട് വീട്ടിൽ
......................................
......................................

ഉണ്ണി വന്നു

ഹായ്... പട്ടം !

അവൻ പട്ടം എടുത്തു

പുറത്തേക്ക് ഓടി.

ഉമ പിറകെ ഓടി.

അയൽപക്കത്തെ കുട്ടികൾ വന്നു.

എല്ലാവർക്കും പട്ടം ഇഷ്ടമായി







## എനിക്കു കഴിയും

### ചിത്രം നോക്കി പേരെഴുതാം

..................................



..................................



..................................

### 'പ്പ്' വരുന്ന വാക്കുകൾ എഴുതാം

പപ്പായ .................................... ....................................

.................................... ....................................

## വരികൾ ചേർത്തു പാടാം






പറ പറന്നു കാക്ക

കറുകറുത്ത കാക്ക

പറ പറന്നു കൊക്ക്

........................ കൊക്ക്





പറ പറന്നു തത്ത

..............................................


.............................കുരുവി

..............................................

## വായിക്കാം

| | | |
|---|---|---|
| ഉമ | ഉറ | മല |
| മറ | പാത | തല |
| വല | പാറ | പത |
| പുതപ്പ് | ഉല | പല |
| പറ | പപ്പടം | കുപ്പായം |

## ഇവർ ഉമയുടെ ആരായിരിക്കും?



## പേര് പറയാം














## വായിച്ചു രസിക്കാം

### ആമയും അരയന്നങ്ങളും

"അവയെപ്പോലെ എനിക്കും പറക്കാൻ കഴിഞ്ഞെങ്കിൽ" മുകളിലൂടെ പറന്നുപോകുന്ന അരയന്നങ്ങളെ ആമ കൊതിയോടെ നോക്കിനിന്നു.

"കുഞ്ഞനാമേ.... കുഞ്ഞനാമേ.... സുഖം തന്നെയല്ലേ?" അരയന്ന മൂപ്പൻ ഉറക്കെ വിളിച്ചുചോദിച്ചു.

"ഓ... മണ്ണിൽ അരിച്ചുനടക്കുന്നവന് എന്തുസുഖം? അതൊക്കെ നിങ്ങൾക്കല്ലേ?"

"എന്താ നീയും കൂടെ പോരുന്നോ?" അരയന്ന മൂപ്പൻ കുഞ്ഞനാമയുടെ അടുത്ത് പറന്നിറങ്ങി.



"എങ്ങനെ, എങ്ങനെ?"
കൊതിയോടെ കുഞ്ഞനാമ ചോദിച്ചു.

"ഞാൻ ഒരു കമ്പ് കടിച്ചുപിടിക്കും. നീ അതിൽ തൂങ്ങിക്കിടന്നാൽ മതി. ഞാൻ നിന്നെ ആകാശക്കാഴ്ചകൾ കാണിക്കാം". കുഞ്ഞനാമ സന്തോഷംകൊണ്ട് തുള്ളിച്ചാടി.

## ഇതൾ 2

# ഉമ കണ്ട കാഴ്ചകൾ



"രാത്രിയായി. ഇനി ഉറങ്ങാം"
രവി പറഞ്ഞു.

പട്ടത്തെ ചേർത്തുപിടിച്ച്
ഉമ ഉറങ്ങാൻ കിടന്നു.



“ഉമേ.. വരൂ... നമുക്ക് ഒരു യാത്ര പോകാം. ആകാശയാത്ര” പട്ടം പറഞ്ഞു


ഉമ പട്ടത്തിന്റെ മുകളിൽ കയറി ഇരുന്നു പട്ടം ഒന്നു കറങ്ങി ഉയർന്നുയർന്നു പറന്നു.

**ഉമ താഴെ കണ്ട കാഴ്ചകൾ എന്തൊക്കെ? പറയൂ.**




## പാടി രസിക്കാം

# കഴുകന്റെ കാഴ്ചകൾ



ഉയരെപ്പാറും കഴുകന് പാടം
പച്ചക്കമ്പളമാകുന്നു
മലയടിവാരം ചുറ്റിവരുന്നൊരു
പുഴയൊരു വെൺതുകിലാകുന്നു.
ചിതറിക്കാണും വീടുകളാരോ
വിതറിയ കൂടുകളാകുന്നു

– പി. മധുസൂദനൻ




### ഏതുപോലെ...

പാടം - പച്ചപ്പുതപ്പ് പോലെ
പുഴ - വെളുത്ത ചേല പോലെ
വീട് - കൂടുകൾ പോലെ

### ഇവ കഴുകൻ എങ്ങിനെയായിരിക്കും കണ്ടിട്ടുണ്ടാവുക?

- മരം ..............................................
- ബസ് ..............................................
- ആന ..............................................







പട്ടം മാനത്തൂടെ പറന്നു
അമ്പിളിമാമൻ അതു കണ്ടു
നക്ഷത്രങ്ങളും കണ്ടു
അവർ ഉമയെ നോക്കി ചിരിച്ചു
ഉമയും ചിരിച്ചു
പട്ടത്തിന്റെ മുഖത്തും ചിരി

## ചിത്രം വരയ്ക്കാം

**ആകാശത്ത് ചിരിക്കുന്ന അമ്പിളിയെയും നക്ഷത്രങ്ങളെയും വരച്ച് നിറം കൊടുക്കൂ**

**നിങ്ങൾ വരച്ച ചിത്രത്തെക്കുറിച്ച് പറയൂ**

നേരം പുലർന്നു
വയ്യ, നല്ല ക്ഷീണം
പട്ടം പറഞ്ഞു
ഭക്ഷണം കഴിക്കാം
കുറച്ചു വിശ്രമിക്കാം
പട്ടം താണു താണു വന്നു
ഒരു മരക്കൊമ്പിൽ ഇരുന്നു
തണുത്ത കാറ്റു വീശി
നല്ല സുഖം



## ചിത്രത്തിൽ എന്തെല്ലാം? പറയൂ

## എഴുതാം

മരം. വലിയ മരം

മരത്തിൽ ..............................................

..........................................................

മരത്തിൽ കൊമ്പുകൾ

കൊമ്പിൽ ............................................

..........................................................

കൊമ്പിൽ കൂടുകൾ


കൂട്ടിൽ ...............................................

..........................................................

## നിറം നൽകാം

**അക്ഷരങ്ങൾ ഉള്ള കളങ്ങളിൽ ശരിയായ നിറം നൽകു**

| | | |
|---|---|---|
| ഉ | - | ചുവപ്പ് |
| ല | - | നീല |
| മ | - | മഞ്ഞ |
| പ | - | പച്ച |
| റ | - | തവിട്ടുനിറം |



## ചിത്രത്തിൽ എന്തൊക്കെ?


..............................................................

..............................................................

## വായിക്കാം

ചുവന്ന മേൽക്കൂര
ചുമരിന് നീല നിറം
പച്ച വാതിൽ
മഞ്ഞ ജനൽ
എന്റെ വീട് നല്ല വീട്





ക ... കാ ....

കി .... കീ ....

കു .... കൂ ....

ആകെ ബഹളം.

ഒച്ച കേട്ട് ഉമ ചുറ്റും നോക്കി.

മരത്തിൽ ഒത്തിരി പക്ഷിക്കൂടുകൾ.

പലതരം പക്ഷികൾ.

## പറയാം


**മരത്തിൽ ഏതെല്ലാം പക്ഷികളായിരിക്കും കൂടു കെട്ടിയിട്ടുണ്ടായിരിക്കുക?**

## പാടി രസിക്കാം

ഒന്നാനാം കുന്നിൻമേൽ
ഓരടി കുന്നിൻമേൽ
ഒരായിരം കിളി കൂടുവെച്ചു
കൂട്ടിനിളംകിളി താമരപ്പൈങ്കിളി
താണിരുന്നാടുന്ന പൊന്നോല



## പഴഞ്ചൊല്ലുകൾ




- അത്തിക്കായ പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്
- കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
- കാക്ക തിന്നുന്നത് കോഴിക്ക് കണ്ടുകൂടാ

## വായിക്കാം

| | | |
|---|---|---|
| കട | കാട | കിളി |
| കീരി | കുയിൽ | കൂകി |

## പദങ്ങൾ ഉണ്ടാക്കാം




................................................ ................................................

................................................ ................................................

## പാടി രസിക്കാം

### കൂടും വീടും

ഇത്തിരി മണ്ണു കുഴച്ചുകഴിഞ്ഞാൽ
വേട്ടാളന്നൊരു കൂടായി
ചുള്ളിക്കമ്പുകൾ ചേർത്തു കഴിഞ്ഞാൽ
കാക്കച്ചിക്കും കൂടായി
നാരുകൾ കൂട്ടി മെടഞ്ഞു കഴിഞ്ഞാൽ
കുരുവിപ്പെണ്ണിന് കൂടായി.
ഭൂമിക്കിങ്ങനെ നോവാതെന്തേ
നമ്മൾ വീടുകൾ പണിയാത്തൂ?

## വായിക്കാം

ഭക്ഷണം

ക്ഷീണം

അക്ഷരം

പക്ഷി

ക്ഷ


## എഴുതാം

ഭ ........ ണം

........ ണം

അ ........ രം

................


ഇവർക്ക് വീടില്ലേ?
വീട് ഇല്ലാത്തവരും ഉണ്ട്

എവിടുന്നാണീ പുക ?
ഉമ താഴേക്ക് നോക്കി
ഒരു കുടുംബം
അച്ഛൻ, അമ്മ, അമ്മൂമ്മ
ചേച്ചി, അനിയൻ
അവർ ഭക്ഷണം പാകം ചെയ്യുന്നു

**വീടില്ലാത്തവരുടെ പ്രയാസങ്ങൾ എന്തൊക്കെയാവും?**



# ഖ

മു

ഖം

സു

ന



## പാടി രസിക്കാം

### കാ ... കാ.. കൂ... കൂ...

കൂകൂ ... പാടും കുയിലൊരു വിരുതൻ
കൂടുണ്ടാക്കാൻ കുഴിമടിയൻ
കാകാ .. കാകാ  കാക്കക്കൂട്ടിൽ
മുട്ടയിടും പിട സൂത്രക്കാരി
നോക്കിയിരുന്നോ കാക്കേ നിന്നുടെ
കാക്കിരി പീക്കിരി മുട്ടകളെല്ലാം
പൊട്ടിവിരിഞ്ഞാൽ കേൾക്കാമപ്പോൾ
കാകാ ... കാകാ ... കൂകൂ... കൂകൂ

– മുത്തലപുരം മോഹൻദാസ്

## എനിക്കു കഴിയും

### വായിക്കാം



അമ്പിളി ചിരിച്ചു



നക്ഷത്രം ചിരിച്ചു



ചെറിയ വീട്



കൂടും കിളിയും




കൂട്ടിൽ മുട്ട

## എഴുതാം

**മരത്തിൽനിന്ന് ഉമ എന്തെല്ലാം കാഴ്ചകൾ കണ്ടു?**
**എഴുതി നോക്കൂ.**

## വാക്കുകൾ ഉണ്ടാക്കാം



## വായിക്കാം

അക്ഷര ഭക്ഷണം കഴിച്ചു




## പേരെഴുതാം

..........................



..........................



..........................

## ചൊല്ലി രസിക്കാം

### ഉത്സവപ്പിറ്റേന്ന്



"ആനപ്പുറത്തു ഞാൻ കേറിയിരുന്നതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?"
"ആനപ്പുറത്തു നീ കേറിയിരുന്നതു
കണ്ടവരില്ല, കണ്ടവരില്ല."
"കോലം ചുമന്നു ഞാൻ മുമ്പിലിരുന്നതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?"
"കോലം ചുമന്നു നീ മുമ്പിലിരുന്നതു
കണ്ടവരില്ല, കണ്ടവരില്ല"
"കൊറ്റക്കുടയും പിടിച്ചു ഞാൻ വാണതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?"
"കൊറ്റക്കുടയും പിടിച്ചു നീ വാണതു
കണ്ടവരില്ല, കണ്ടവരില്ല"
"ആലവട്ടങ്ങൾ ഞാൻ നീട്ടിപ്പിടിച്ചതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?"
"ആലവട്ടങ്ങൾ നീ നീട്ടിപ്പിടിച്ചതു
കണ്ടവരില്ല, കണ്ടവരില്ല"

“വെൺചാമരങ്ങൾ ഞാൻ വീശിക്കൊടുത്തതു
കണ്ടവരുണ്ടോ, കണ്ടവരുണ്ടോ?”
“വെൺചാമരങ്ങൾ നീ വീശിക്കൊടുത്തതു
കണ്ടവരില്ല, കണ്ടവരില്ല”
“മൂക്കുംകുത്തി ഞാൻ കീഴ്പോട്ടുരുണ്ടതും
കണ്ടവരില്ലേ, കണ്ടവരില്ലേ?”
“മൂക്കുംകുത്തി നീ കീഴ്പോട്ടുരുണ്ടതു
കണ്ടവരുണ്ടേ, കണ്ടവരുണ്ടേ!”


- അക്കിത്തം



## ഇതൾ 3

# ശാ... ശീ.... ദോശ

നല്ല മണം
മുത്തശ്ശി ദോശ ചുടുകയാണ്
ഉമ പട്ടത്തിൽ നിന്നും
ചാടി ഇറങ്ങി
വീട്ടിലേക്ക് ഓടിക്കയറി
"മുത്തശ്ശീ ... മുത്തശ്ശീ..."
"ആരാത്...?



"മുത്തശ്ശിയുടെ ചക്കരക്കുട്ടിയോ?"
"എനിക്കൊരു ദോശ"
"പിന്നെന്താ ദോശയും
കാപ്പിയും തരാം.
കൈ കഴുകി വന്നോളു"

## പറയാം എഴുതാം

മുത്തശ്ശി ഉമക്കുട്ടിക്ക് എന്തെല്ലാം കൊടുത്തു ?

........................................ ........................................

## ചിത്രം നോക്കിപ്പറയാം. എഴുതാം

അടുക്കളയിൽ എന്തൊക്കെയുണ്ട്?

..........................................................................................

..........................................................................................


..........................................................................................

## കടങ്കഥ പറയാം

ശീ.... ശൂ..... രണ്ടോച്ച.
എടുത്തുനോക്കി നൂറോട്ട.



## അക്ഷര ചിത്രം വരയ്ക്കാം



## വായിക്കാം


മുത്തശ്ശി : ഉമക്കുട്ടീ.... ആ ചിരവയിങ്ങെടുത്തേ

ഉമ : നാക്കിന്മേൽ പല്ലുള്ളതല്ലേ മുത്തശ്ശി?

മുത്തശ്ശി : മോൾക്ക് കടങ്കഥയൊക്കെ അറിയാം. അല്ലേ?

ഉമ : കുറച്ചൊക്കെ അറിയാം

അവർ കടങ്കഥ പറഞ്ഞു കളിച്ചു



**കടങ്കഥയുടെ ഉത്തരം**
**ചിത്രം നോക്കി കണ്ടെത്തി പറയൂ.**



അമ്മ കിടക്കും മകളോടും



അമ്പാട്ടെ കാളയ്ക്ക്
പള്ളയ്ക്ക് കൊമ്പ്



ആയിരം പട്ടാളക്കാർക്ക്
ഒരു ബെൽറ്റ്



കുളിക്കാൻ പോകുമ്പോൾ ആടിക്കുഴഞ്ഞ്,
കുളിച്ചുവന്നാൽ കറുമുറു.

"മുത്തശ്ശീ ഇന്നെന്താ വിശേഷം?"
"ഇന്ന് അപ്പൂപ്പന്റെ പിറന്നാളാണ്."
"സദ്യയില്ലേ?"
"ഉണ്ടല്ലോ. കേമമാക്കാം."
"ഇന്നത്തെ ദിവസം കുശാൽ"





നെയ്യിൽ ചുട്ടൊരു നെയ്യപ്പം
ആവിയിൽ വേവും ഇടിയപ്പം
മധുരം കിനിയും അടയുണ്ട്
എരിവേറുന്നൊരു വടയുണ്ട്
സദ്യക്കുണ്ടേ സാമ്പാറ്
ഓലൻ, അവിയൽ, പുളിയിഞ്ചി
പപ്പായ കൊണ്ടേ ഉപ്പേരി
പപ്പടം പായസം മോരുണ്ട്





നിങ്ങൾക്കറിയാവുന്ന പലഹാരങ്ങളുടെ പേര് പറയൂ.

എഴുതിനോക്കൂ

നെയ്യപ്പം

.......................................... ..........................................

.......................................... ..........................................

.......................................... ..........................................

## സദ്യയുടെ വിഭവങ്ങൾ

സാമ്പാർ



## വാക്യങ്ങൾ ഉണ്ടാക്കാം

| | | |
|---|---|---|
| ഉമ | നെയ്യപ്പം | തിന്നു |
| രമ | അച്ചപ്പം | തന്നു |
| രവി | വട | |
| മിനി | അട | വാങ്ങി |

ഉമ നെയ്യപ്പം വാങ്ങി

..................................................................................................

..................................................................................................

..................................................................................................

..................................................................................................



"ഉണ്ടാൽ ഉണ്ടപോലെ ആവണം
ഉണ്ടപോലെ ആവരുത്"

– കുഞ്ഞുണ്ണി

## പാടി രസിക്കാം

വട്ടം വട്ടം ദോശ
തട്ടിൽ ചുട്ട ദോശ
ചട്ടിണി കൂട്ടി തിന്നാം
അപ്പുവിനൊത്തിരിയിഷ്ടം




നീളൻ നീളൻ പുട്ട്
ആവിയിൽ വെന്തൊരു പുട്ട്
പപ്പടം ചേർത്തു പൊടിച്ചാൽ
അപ്പൂപ്പന്നും തിന്നാം.



**'ശ' വരുന്ന വാക്കുകൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതൂ.**

........................................ ........................................

........................................ ........................................




"അപ്പൂപ്പാ മിഠായി....
എനിക്ക് വേണം"




“ഇന്നു നമുക്ക് വീട്ടിൽ ചെന്ന് പലഹാരം
ഉണ്ടാക്കാം. അതുപോരേ മോളേ...”




"എന്താ മുത്തശ്ശി ഉണ്ടാക്കുന്നത് ?"

"അരിയുണ്ടയാ മോളേ."



“ഹായ് നല്ല രുചി.”
“വൈകിട്ട് നമുക്ക് അടയുണ്ടാക്കാം.”



## അരിയുണ്ട

അരി വറുത്തു
പൊടിച്ചു
ശർക്കരയും തേങ്ങയും ചേർത്തു
കുഴ കുഴച്ചു
ഉണ്ടയാക്കി





## ചേർത്തുപറയാം

ശർക്കരയും തേങ്ങയും
അടയും വടയും
മുത്തശ്ശനും മുത്തശ്ശിയും

.............................................

## ചിത്രം നോക്കി എഴുതാം



..........................ന



.................. ന



..........................ടി



.................. ട്ടി

## യോജിച്ച പദം ചേർത്ത് എഴുതാം

(ദോശ, ചോദ്യം, ദീപം, ദൂരം, നാദം, ഗദ, ദാവണി)

ദാമു .................................................. ചോദിച്ചു


ദീപ .................................................... കത്തിച്ചു

## എനിക്കു കഴിയും

എനിക്ക് ഇഷ്ടപ്പെട്ട ആഹാരം: ..................................

**ഉണ്ടാക്കുന്ന വിധം പറയാം. എഴുതാം**

## പറയാം എഴുതാം




കീ ......................

പ ......................

ദോ ......................

മേ ......................

മീ ......................

ആ ......................

## വായിച്ചു രസിക്കാം

### മ്യാവൂ.... ങ്യാവൂ....

നല്ല മണം.

കണ്ടൻ പൂച്ച മൂക്ക് വിടർത്തി.

ഉം. അടുക്കളയിൽ നിന്നാണ് മണം വരുന്നത്.
കണ്ടൻ പമ്മിപ്പമ്മി അടുക്കള വാതിൽക്കൽ എത്തി.

മുത്തശ്ശി നെയ്യപ്പം ചുടുകയാണ്.

നല്ല സ്വർണ്ണനിറമുള്ള നെയ്യപ്പം.

കണ്ടന്റെ വായിൽ വെള്ളം ഊറി.

പക്ഷേ എന്തുചെയ്യും.

മുത്തശ്ശി കണ്ടാൽ എറിഞ്ഞ് ഓടിക്കും.

കള്ളപ്പൂച്ചയാണത്രെ താൻ.



വിശക്കുമ്പോൾ എന്തെങ്കിലും ഒന്ന് എടുത്തുതിന്നും. അത് കളവാണോ? കണ്ടൻ പതുക്കെ മുത്തശ്ശിയുടെ അടുത്തെത്തി. കാലിൽ ഉരുമ്മി

"മ്യാവൂ.... ങ്യാവൂ..."

"പൊക്കോ അവ്ട്ന്ന്. കള്ളാ..."

മുത്തശ്ശി ചട്ടുകം ഓങ്ങി. കണ്ടൻ പുറത്തേക്ക് ഓടി.

ഈ മുത്തശ്ശി എന്നെ വീണ്ടും കള്ളനാക്കും.

കണ്ടൻ മനസ്സിൽ ഓർത്ത് ചിരിച്ചു.

മ്യാവൂ... ങ്യാവൂ...



ഇതൾ 4

# കറുമ്പിയുടെ കുറുമ്പ്



ഉമയും പട്ടവും ഒപ്പം നടന്നു.
മുറ്റം കടന്നു.
തോട്ടത്തിലൂടെ ചുറ്റി നടന്നു.
മുത്തശ്ശനും മുത്തശ്ശിയും
തോട്ടത്തിൽ ഉണ്ട്.

തോട്ടത്തിൽ ഒത്തിരി പച്ചക്കറികൾ.
ഔഷധ സസ്യങ്ങളും ഉണ്ട്.
മത്തൻ, കുമ്പളം, വെള്ളരി, പയർ,
വഴുതന, തുളസി, പനിക്കൂർക്ക.....


ഉമ : മുത്തശ്ശിയുടെ കൈയിൽ എന്താ?

മുത്തശ്ശി : പപ്പായ. മോൾക്ക് വേണോ?

ഉമ : തിന്നാൻ പറ്റുമോ?

മുത്തശ്ശി : കൊള്ളാം. ആരോഗ്യത്തിനും നല്ലത്.

പപ്പായ ഉമയുടെ കൈയിൽ കൊടുത്തു.




## നിങ്ങൾക്കറിയാവുന്ന പച്ചക്കറികളുടെ പേര് പറയാമോ?


### വായിക്കാം




തക്കാളി



വഴുതന




പാവയ്ക്ക



കാരറ്റ്



ചേന



ചക്ക



മത്തങ്ങ




വെണ്ടയ്ക്ക

പട്ടം തോട്ടത്തിലൂടെ നടന്നു

അതു കണ്ട് പലരും വന്നു.

വന്നവർ ചുറ്റും കൂടി.

എല്ലാവരും കൗതുകത്തോടെ നോക്കി.



## ചിത്രം നോക്കിപ്പറയാം


ആരൊക്കെയാണ്
പട്ടത്തിന് ചുറ്റും കൂടിയത്?



## പാടാം രസിക്കാം

ആട്ടിൻകുട്ടി പയ്ക്കുട്ടീ
പൂച്ചക്കുട്ടീ, നായ്ക്കുട്ടീ
എന്തിനടുക്കള വാതിലിലിങ്ങനെ
എപ്പോഴും വന്നുന്തുന്നു.

– അക്കിത്തം



## വായിക്കാം




ആട്




നായ



പൂച്ച




താറാവ്



കോഴികൾ

## ശബ്ദമുണ്ടാക്കാം

ചിത്രത്തിലെ ജീവികളുടെ ശബ്ദമുണ്ടാക്കാം.



കറുമ്പി കണ്ണു തുറിച്ച് നോക്കുന്നു.
പട്ടത്തെയാണ് നോട്ടം. പെട്ടെന്ന്.....
കൊമ്പുകുലുക്കി വാലുയർത്തി
കറുമ്പി കുതിച്ചുവന്നു.
ഉമ അതു കണ്ടു. പട്ടം വാരിയെടുത്ത് ഓടി.

ബൗ...ബൗ...
ടോമി കുരച്ചുകൊണ്ട് ചാടി.
കറുമ്പി ഓടടാ ഓട്ടം

ഉമ ഞെട്ടി ഉണർന്നു
പട്ടം കിടക്കയിൽതന്നെ ഉണ്ട്.



## കഥ പൂർത്തിയാക്കാം


പച്ചക്കറികളെല്ലാം ഒത്തുകൂടി.

ചിലർ ചെടിയിൽ കായ്ക്കുന്നവർ
മറ്റു ചിലർ വള്ളിയിലുണ്ടാകുന്നവർ
മണ്ണിനടിയിൽ വളരുന്നവരുമുണ്ട്.

"പക്ഷികൾക്കും മൃഗങ്ങൾക്കുമെല്ലാം
നേതാവുണ്ട്. നമുക്ക് മാത്രമില്ല"
ചുവന്നു തുടുത്ത തക്കാളി പറഞ്ഞു.

"ശരിയാ ശരിയാ"
വെണ്ടക്ക വേഗം ചാടിയെണീറ്റു.

"ആരെയാ നേതാവാക്കുക?"
വഴുതനങ്ങ ചോദിച്ചു



"കറിവെക്കാനും പായസത്തിനുമൊക്കെ വേണ്ടുന്ന ഞാൻ തന്നെ ആവാം ല്ലേ?" മത്തങ്ങ പറഞ്ഞു.


"നീളം കൂടിയ ആൾ ഞാനല്ലേ? ഞാൻ തന്നെ നേതാവാകാം" പടവലങ്ങ ഗമയോടെ പറഞ്ഞു.

- **മറ്റുള്ളവർ എന്തു പറഞ്ഞു കാണും?**
- **ഒടുവിൽ നേതാവായത് ആരായിരിക്കും?**



## വായിക്കാം എഴുതാം

### തക്കാളി





ഞാൻ തക്കാളി
ചുവന്ന നിറം
ഉരുണ്ട ശരീരം
നേരിയ പുളിരസം
കറി വയ്ക്കാം
പച്ചയായും തിന്നാം

## പാവയ്ക്ക




## വായിക്കാം, എഴുതാം






ആട് - ആടുകൾ



കോഴി - കോഴികൾ







പൂച്ച - പൂച്ചകൾ

................................ - ................................

................................ - ................................

................................ - ................................

**കൂടുതൽ ജീവികളുടെ പേരുകൾ ചേർത്ത് പറഞ്ഞു നോക്കൂ.**

## എനിക്കു കഴിയും

### പറഞ്ഞത് എന്ത്?






പട്ടം എന്തായിരിക്കും മറുപടി പറഞ്ഞത്? എഴുതൂ.

## വായിച്ചു രസിക്കാം

### വാലുകണ്ടേ

അതാ ഒരു വാല്.
ഉയരമുള്ള മതിലിൽ
തൂങ്ങിനിൽക്കുന്നു.

“പുലിയുടെ വാല് തന്നെ.
ഇളകുന്നുണ്ട്” - പൂച്ച പറഞ്ഞു.

“ഏയ്... കടുവയുടെ വാലാണ്”
- പശു പറഞ്ഞു.

“പുലിയും കടുവയും ഒന്നുമല്ല.
പാമ്പിന്റെ വാലാണ്”
- നായയും ആടും ഒരുമിച്ചു പറഞ്ഞു.



“അത് കുറുക്കന്റെ വാലാണോ?”
കോഴിയുടെ സംശയം അതായിരുന്നു.



അപ്പോഴേക്കും കാക്ക വന്നു.
അവൾ പറന്ന് മതിലിനു
മുകളിലെത്തി.


“പേടിക്കേണ്ടാ കൂട്ടുകാരേ..
ഇത് പട്ടത്തിന്റെ വാലാണ്”





## കഥ പറയാം











# മലയാള അക്ഷരമാല

## സ്വരാക്ഷരങ്ങൾ

| | | | | | | |
|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ |
| എ | ഏ | ഐ | ഒ | ഓ | ഔ | |

## വ്യഞ്ജനാക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |
| യ | ര | ല | വ | |
| ശ | ഷ | സ | ഹ | |
| ള | ഴ | റ | | |



## ചില്ലുകൾ

| | | | | |
|---|---|---|---|---|
| ൺ | ൽ | ൾ | ർ | ൻ |

This book has been developed for educational purposes and distributed free of cost to students, teachers, parents and other users. Photographs have been acquired with necessary permission from various sources. We will be happy to acknowledge sources from whom we may have used material and omitted to formally communicate acknowledgement.

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

THE CONSTITUTION OF INDIA

നമ്മൾ ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വംഎന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തീയ്യതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിതന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

www.mm.kerala.gov.in

Malayalam Mission App.

MALAYALAM MISSION

റേഡിയോ മലയാളം
www.radiomalayalam.in

http://learnmalayalam.in/



www.pookalam.kerala.gov.in

ഭൂമിമലയാളം
വാർത്താപത്രിക

https://www.facebook.com/MalayalamMissionKerala/
https://t.me/MalayalamMissionOfficial
https://twitter.com/MMKerala
https://www.youtube.com/c/MalayalamMission
https://www.youtube.com/Malayalam Mission Radio Malayalam